വൃക്ഷ പട്ടയ പദ്ധതി

139 [1078] *ശ്രീ. കെ. നാരായണക്കുറുപ്പ്:*
,, *റോഷി അഗസ്റ്റിൻ:*
,, *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ഷ പട്ടയ പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിതര ഏജൻസികളുടെ സഹകരണം തേടിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് വനത്തിന് പുറത്ത് തരിശായി കിടക്കുന്ന ഭൂമിയിൽ മരം വളർത്തി 8 വർഷം കഴിയുമ്പോൾ മുറിച്ചുവിറ്റ് ആദായം ഉണ്ടാക്കാനുള്ള പദ്ധതിയാണിത്. ഇങ്ങനെ മരം മുറിച്ചുമാറ്റുന്നതിന് മുന്പ് പകരം മരങ്ങൾ വച്ചുപിടിപ്പിച്ചാൽ മാത്രമേ മരം മുറിക്കാൻ അനുവദിക്കുകയുള്ളൂ. വൃക്ഷപ്പട്ടയം ലഭിക്കുന്ന വ്യക്തിക്ക് മരത്തിൻമേൽ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. മരം നിൽക്കുന്ന ഭൂമിയിൽ അവകാശം ഉണ്ടായിരിക്കുന്നതല്ല.

(ബി) സർക്കാരിതര ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

പ്രകൃതിക്ഷോഭവും പരിഹാരവും

140 [1079] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*
,, *സാജു പോൾ:*
ഡോ. തോമസ് ഐസക്:
ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് പോകാൻ സാധ്യമല്ലാതായിരിക്കുന്ന സാഹചര്യങ്ങൾമൂലം തീരപ്രദേശത്തുണ്ടായിരിക്കുന്ന പട്ടിണിയും വറുതിയും മാറ്റുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ, വിശദാംശം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly